4. മാർ ഡയോണിഷ്യസ്, കോളേജ്, പഴഞ്ഞി.
5. ഇ.എം.ഇ.എ. കോളേജ്, കൊണ്ടോട്ടി.
6. എം.ഇ.എം. ഓർഫനേജ് കോളേജ്, മുക്കം.
7. പഴശ്ശിരാജാ കോളേജ്, പുൽപ്പള്ളി.
8. കോ-ഓപ്പറേറ്റീവ് ആർട്സ് ആൻറ് സയൻസ് കോളേജ്, നടായി.
9. ശ്രീകൃഷ്ണപുരം വി.ടി.ബി. കോളേജ്, മണ്ണാംപേട്ട.

അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്ക്കൂളുകൾ

171. [218] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാതെ സംസ്ഥാനത്തു പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്ക്കൂളുകളെത്ര ;

(ബി) ഈ സ്ക്കൂളുകളെ സംബന്ധിച്ച് ഗവൺമെൻറ് എന്തു നടപടി എടുക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) അംഗീകാരമില്ലാതെ നടക്കുന്ന സ്ക്കൂളുകളുടെ എണ്ണം സർക്കാർ ശേഖരിച്ചിട്ടില്ല.

(ബി) ഈ കാര്യത്തിൽ ഗവൺമെൻറ് ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

ചീന്തലാർ ഗവൺമെൻറ് ഹൈസ്ക്കൂളിന് കെട്ടിടം

172 [219] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

പീരുമേട് നിയോജകമണ്ഡലത്തിൽ പെട്ടതും പട്ടികവർഗ്ഗത്തിൽപ്പെട്ടതും കുട്ടികൾ പഠിക്കുന്നതുമായ ചീന്തലാർ ഗവൺമെൻറ് ഹൈസ്ക്കൂളിന് ഒരു സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

1986 ലെ കാലവർഷ കെടുതിയിൽ നാശം സംഭവിച്ചതും പുനരുദ്ധരിക്കേണ്ടതുമായ സ്ക്കൂളുകളുടെ ലിസ്റ്റിൽ പ്രസ്തുത സ്ക്കൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിനുള്ള സ്ക്കൂളുകളുടെ മുൻഗണനാപട്ടിക തയ്യാറാക്കുമ്പോൾ ഈ സ്ക്കൂളിൻറെ കാര്യം കൂടി പരിഗണിക്കേണ്ടതാണെന്ന് ഇടുക്കി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വന്തമായി കെട്ടിടമില്ലാത്ത സ്ക്കൂളുകൾ

173 [220] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര സ്ക്കൂളുകൾ ഉണ്ട് ;

(ബി) ഇവയ്ക്കു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly